**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:31.07.2026**

## പ്രധാനവാർത്തകൾ

1. പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി അഞ്ച് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനം. ഫ്ളോട്ടിങ്ങ് സോളാർ മേഖലയിൽ, പ്രധാൻ മന്ത്രി സൂര്യ സരോവർ യോജന നടപ്പാക്കാനും മന്ത്രിസഭയുടെ അനുമതി.

2. നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ജനന മരണ രജിസ്ട്രേഷൻ ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി.

3. നീറ്റ് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസ്ഥാനത്ത് നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല

4. സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. പ്രതീക്ഷയോടെ മത്സ്യത്തൊഴിലാളികൾ

5. കേരളത്തിൽ ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യത. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്. വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

RNU TVPM

## 6. കോമൺ വെൽത്ത് ഗെയിംസിൽ 17 മെഡലുകളുമായി മുന്നേറ്റം തുടർന്ന് ഇന്ത്യ.

*******************************************

## കേന്ദ്ര മന്ത്രിസഭ

പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി അഞ്ച് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനം. 2026-27 മുതൽ 2030-31 വരെയുള്ള കാലയളവിൽ പദ്ധതിക്കായി 3.15 ലക്ഷം കോടി രൂപ അനുവദിക്കാനും മന്ത്രിസഭ അനുമതി നൽകി. ജലോപരിതലങ്ങൾ കേന്ദ്രീകരിച്ചുള്ള സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട ഫ്ളോട്ടിങ്ങ് സോളാർ മേഖലയുടെ വികസനം ലക്ഷ്യമിട്ട് പ്രധാൻ മന്ത്രി സൂര്യ സരോവർ യോജന 5,070 കോടി രൂപ ചെലവിൽ ആരംഭിക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ യോഗം തീരുമാനിച്ചു. തീരമേഖലയുമായി ബന്ധപ്പെട്ട ഊർജ്ജ സാധ്യതകൾ ലക്ഷ്യമിട്ടുള്ള സമുദ്ര മന്ഥൻ-ദേശീയ ഓഫ്ഷോർ എക്സ്പ്ലൊറേഷൻ പദ്ധതിക്കും അംഗീകാരമായി. കേന്ദ്ര പെട്രോളിയം മന്ത്രാലയം 84,084 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്. ഖേലോ ഇന്ത്യ പദ്ധതി വിപുലീകരിക്കുന്നതിനും, ദേശീയ സ്പോട്സ് ഫെഡറേഷനുകൾക്ക് കൂടുതൽ സഹായം അനുവദിക്കുന്നതിനും കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു.

RNU TVPM

*******************************************

## പാർലമെൻറ്

നീറ്റ് പ്രതിഷേധത്തിനെതിരായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ജനന മരണ രജിസ്ട്രേഷൻ ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി. രാവിലെ സഭ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ഇരുസഭകളിലും പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചു. ലോക്സഭയിൽ

ചോദ്യോത്തരവേളയുമായി മുന്നോട്ട് പോകാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും, ബഹളം തുടർന്നതിനാൽ നടപടികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. രാജ്യസഭയിലും സമാനമായ പ്രതിഷേധമാണ് നടന്നത്. ഇരുസഭകളും തിങ്കളാഴ്ച വീണ്ടും ചേരും.

*******************************

## നീറ്റ് - മന്ത്രി രമേശ് ചെന്നിത്തല

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസ്ഥാനത്ത് നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. കേസുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവുൾപ്പെടെ സമർപ്പിച്ച കത്തുകൾ മുഖ്യമന്ത്രി തനിക്ക് കൈമാറിയതായും, തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് ഡി.ജി.പിക്ക് നിർദേശം നൽകിയതായും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.പുനർജനി പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വി. ഡി സതീശൻ ക്ലീൻചീറ്റ് നൽകിയത്, വിജിലൻസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

*******************************

## കെ.എം.ഷാജി

പിഎം ശ്രീ പദ്ധതിയിൽ സബ് കമ്മിറ്റി റിപ്പോർട്ട് വന്നതിന് ശേഷം യുഡിഎഫ് നിലപാട് അറിയിക്കാമെന്ന് മന്ത്രി കെ.എം.ഷാജി. പി. എം ശ്രീ പദ്ധതിയിൽ മുൻ സർക്കാർ ഒപ്പ് വച്ചു എന്നത് ഒരു യഥാർഥ്യമാണെന്നും അദ്ദേഹം മലപ്പുറത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

*******************************

## കൗൺസിൽ യോഗം-തിരു (ഇൻട്രോ)

തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ആർ സുഗതന് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൗൺസിൽ യോഗത്തിൽ പ്രതിപക്ഷ പ്രതിഷേധം. പ്രതിഷേധത്തിനിടെ ആർ സുഗതന് ആറ് മാസത്തെ അവധി അനുവദിച്ചതായി മേയർ അറിയിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

**(വോയ്സ്)**

*******************************

## ലോട്ടറി തൊഴിലാളി - ഉത്സവബത്ത

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ഓണം ഉത്സവ ബത്തയായി 8,500 രൂപയും പെൻഷൻകാർക്ക് 3,750 രൂപയും അനുവദിച്ച് സംസ്ഥാന സർക്കാർ. മുൻ വർഷത്തേക്കാൾ 1,000 രൂപ വീതമാണ് ഇക്കുറി വർധിപ്പിച്ചത്. ഇതിനായി 26 കോടി 47 ലക്ഷം രൂപ അനുവദിച്ചു.

*******************************

## നിപ - കോഴിക്കോട്

നിപാ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ഐ സി യുവിൽ ചികിത്സയിലായിരുന്ന വ്യക്തിയെ ഇന്ന് റൂമിലേക്ക് മാറ്റി. 43 കാരനായ ഫറോക്ക് സ്വദേശിക്ക് ജൂൺ 10 നാണ് നിപ സ്ഥിരീകരിച്ചത്. നാളുകൾ നീണ്ട ചികിത്സയ്ക്ക് ശേഷം ബോധം വീണ്ടെടുത്ത ഇദ്ദേഹത്തിന് ഇപ്പോൾ സംസാരിക്കാനും ഭക്ഷണം കഴിക്കാനും കഴിയുന്നുണ്ടെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

RNU TVPM

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

********************************

## ട്രോളിങ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. യന്ത്രവൽകൃത ബോട്ടുകൾ ഉൾപ്പെടെ ഉപയോഗിച്ചുള്ള മൽസ്യബന്ധനത്തിന് മൽസ്യ തൊഴിലാളികൾ ഒരുങ്ങിക്കഴിഞ്ഞു. കാലാവസ്ഥ അനുകൂലമായാൽ കുറച്ചുനാളായി അനുഭവപ്പെടുന്ന മീൻ ലഭ്യത കുറവ് പരിഹരിക്കാനാവുമെന്ന പ്രതീക്ഷയിലാണ് തീരദേശ മേഖല. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ ........**

(വോയ്സ്)

RNU TVPM

********************************

## മഴ കേരളം

കേരളത്തിൽ ഇന്നും നാളെയും വിവിധ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. എറണാകുളം മുതൽ കാസറഗോഡ് വരെയുള്ള ഒമ്പത് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മഴ മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരളം - കർണാടക - ലക്ഷദ്വീപ്

തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ നാളെ ഉച്ച വരെയും, കന്യാകുമാരി തീരത്ത് നാളെ പുലർച്ച വരെയും കടലാക്രമണ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

********************************

## തിരച്ചിലിന് പ്രതികൂല കാലാവസ്ഥ

കൊല്ലം നീണ്ടകരയിൽ മത്സ്യബന്ധനവള്ളം മറിഞ്ഞ് കാണാതായ രണ്ട് മത്സ്യത്തൊഴിലാളികൾക്കായുള്ള തിരച്ചിലിന് പ്രതികൂല കാലാവസ്ഥ പ്രതിബന്ധമായി. തിരുവനന്തപുരത്തുനിന്നുള്ള മുങ്ങൽവിദഗ്ധർ തിരച്ചിലിന് ഇറങ്ങിയെങ്കിലും പ്രക്ഷുബ്ധമായ കടലിൻ്റെ അടിത്തട്ടിൽ കാഴ്ച അസാധ്യമായതിനാൽ തിരച്ചിൽ തുടരാനായില്ല. ജില്ലാ ഭരണകൂടത്തിന്റെ അഭ്യർത്ഥനപ്രകാരം കൊച്ചിയിൽ നിന്ന് നാവികസേനയുടെ ഹെലികോപ്റ്ററെത്തി നിരീക്ഷണം നടത്തി.

RNUTVPM

********************************

## ഐ.എഫ്.എഫ്.കെ എൻട്രികൾ

31-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്കായി ചലച്ചിത്ര അക്കാദമി എൻട്രികൾ ക്ഷണിച്ചു. ഓഗസ്റ്റ് ഒന്ന് രാവിലെ പത്തു മണി മുതൽ iffk.in എന്ന വെബ്സൈറ്റ് മുഖേന സെപ്റ്റംബർ 10 വരെ എൻട്രികൾ സമർപ്പിക്കാം. 2025 സെപ്റ്റംബർ ഒന്നിനും 2026 ഓഗസ്റ്റ് 31നുമിടയിൽ നിർമ്മാണം പൂർത്തിയാക്കിയ ചിത്രങ്ങളാണ് പരിഗണിക്കുക. 2026 ഡിസംബർ 11 മുതൽ 18 വരെയാണ് 31-ാമത് ഐ.എഫ്.എഫ്.കെ അരങ്ങേറുക.

********************************

## രാഷ്ട്രഭാഷാവേദി

കോഴിക്കോട് ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ ആഭിമുഖ്യത്തിൽ ഹിന്ദി സാഹിത്യ സമ്രാട്ടായിരുന്ന മുൻഷി പ്രേംചന്ദിന്റെ 137-ാം ജന്മദിനാചരണം മീഞ്ചന്ത ഹിന്ദി കോളേജിൽ നടന്നു. സഭാ ഭരണ സമിതി അംഗം ഗോപി ചെറുവണ്ണൂർ ഉദ്ഘാടനം ചെയ്തു . രാഷ്ട്ര ഭാഷാവേദി, കേരള ഹിന്ദി പരിഷത്ത് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

## കോമൺ വെൽത്ത് ഗെയിംസ്

കോമൺവെൽത്ത് ഗെയിംസിൽ മൂന്ന് സ്വർണവും 10 വെള്ളിയും 4 വെങ്കലവുമുൾപ്പെടെ 17 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. ബോക്സിംഗിൽ വനിതകളുടെ 54 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ താരം പ്രീതി പവാറും, പുരുഷന്മാരുടെ 80 കിലോഗ്രാം വിഭാഗത്തിൽ അങ്കുഷും ഫൈനലിൽ പ്രവേശിച്ചു. ജൂഡോ പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ ഹർഷ് സിങ്ങും, വനിത വിഭാഗത്തിൽ അസ്മിത ഡേയും സെമി ഫൈനലിൽ കടന്നു. അത്ലറ്റിക്സ് 4 ബൈ 400 റിലേയിൽ ടി.കെ വിശാൽ, അൻസ ബാബു, രാജേഷ് രമേശ്, രശ്ദീപ് കൗർ ടീം ഫൈനലിൽ പ്രവേശിച്ചു. പോയിൻറ് പട്ടികയിൽ നിലവിൽ പത്താം സ്ഥാനത്താണ് ഇന്ത്യ. ജാവലിൻ ത്രോയിൽ മെഡൽ പ്രതീക്ഷയുമായി നീരജ് ചോപ്രയുൾപ്പെടെ മൂന്ന് ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും.

RNU TVPM